കോന്നിയൂർ നരേന്ദ്രനാഥ്

റേഡിയോയും ടെലിവിഷനും



അമേരിക്കൻ ഐക്യനാടുകളിൽ പ്രക്ഷേപണത്തിൻെറ പിറവിയുണ്ടായത് 1920 നവംബർ രണ്ടിനാണെന്നാണ് പരിഗണിച്ചുവരുന്നത്. പെൻസിൽവേനിയയിലെ കിഴക്കെ പിറ്റ്സ് ബർഗ്ഗിലുള്ള ആറുനില ക്കെട്ടിടത്തിൻെറ ആറാം നിലയിലെ ഒരു പഴഞ്ചൻ മുറിയിൽ നിന്ന് റേഡിയോ പരിപാടി വഹിക്കുന്ന വൈദ്യുതതരംഗങ്ങൾ അന്നു പ്രസരിച്ചു! നൂറു വാട്ട് ശക്തിയുള്ള കെഡികെഎ എന്ന മുഖമുദ്രയോടുകൂടിയതായിരുന്നു ആ കേന്ദ്രം.

ഭാരതത്തിലാദ്യമായി റേഡിയോ പ്രിയന്മാർ, മുമ്പു പറഞ്ഞ സംഭവം കഴിഞ്ഞ് കഷ്ടിച്ചു നാലു കൊല്ലം ചെന്നപ്പോൾ ആദ്യത്തെ റേഡിയോ ക്ലബ്ബ് സംഘടിപ്പിച്ചു- മദ്രാസിൽ 1924 മെയ് 16-ാം തീയതി. മദ്രാസ് പ്രസിഡൻസി റേഡിയോ ക്ലബ്ബ് ഒരു സ്വകാര്യ സംഘടനയായിരുന്നു. അവർ സ്ഥാപിച്ച കേന്ദ്രത്തിൽ നിന്ന് അക്കൊല്ലം ജൂലൈ 31-ാം തീയതി ഇന്ത്യയിലെ ആദ്യത്തെ റേഡിയോ തരംഗങ്ങൾ പ്രസരിച്ചു തുടങ്ങി.

എന്നാൽ സുസംഘടിതവും സുശിക്ഷിതവുമായ സംവിധാനം സാദ്ധ്യമായത് 1927 ജൂലൈ 23-ാം തീയതി അന്നത്തെ ഇൻഡ്യാ വൈസ്രോയി ഇർവ്വിൻ പ്രഭു, ബോംബെ റേഡിയോ നിലയം ഉൽഘാടനം ചെയ്തപ്പോഴാണ്. അതേ വർഷം ആഗസ്റ്റ് 26-ന് കൽക്കട്ടയിലും ഒരു നിലയം പ്രവർത്തിച്ചു തുടങ്ങി. ഇൻഡ്യാ സർക്കാരുമായുള്ള 1926-ലെ കരാറിൻ പ്രകാരം, ഇൻഡ്യൻ ബ്രോഡ് കാസ്റ്റിംഗ് കമ്പനിക്ക് രണ്ടു നിലയങ്ങൾ നിർമ്മിച്ചു പ്രവർത്തിക്കുന്നതിന് അവകാശം കിട്ടി. അത് ഒരു സ്വകാര്യ കമ്പനിയായിരുന്നു താനും. അങ്ങനെ ഇവിടത്തെ പ്രക്ഷേപണ പ്രയത്നങ്ങളുടെ പ്രാരംഭം, സ്വകാര്യപ്രവർത്തനമായിട്ടായിരുന്നു. പിന്നെ, എത്രയോ കഴിഞ്ഞ് സർക്കാർ ഈ രംഗത്തേക്ക് വന്നപ്പോഴും കുറെ സ്വകാര്യനിലയങ്ങൾ നിരന്തരമായി പ്രക്ഷേപണ പരിപാടി തുടർന്നു കൊണ്ടിരുന്നു.

വിശ്രമവേളയിലെ വിനോദോപാധിയെന്നതിനു പരി അറിവു നല്കാനുള്ള മാദ്ധ്യമമായി ഇന്ത്യയിലെ ഗ്രാമീണ ജനങ്ങൾക്ക് റേഡിയോ ഉതകാൻ തുടങ്ങിയത് 1935-ൻെറ ആരംഭകാലത്താണെന്നു പറയാം. വടക്കു പടിഞ്ഞാറൻ അതിർത്തി സംസ്ഥാനത്തായിരുന്നു തുടക്കം. മാർക്കോണി കമ്പനിയുടെ ഒരു പദ്ധതിയായിരുന്നിതിനടിസ്ഥാനം. ഇൻഡ്യയിൽ വമ്പിച്ച തോതിൽ പ്രക്ഷേപണം പുരോഗതി പ്രാപിക്കണമെന്നായിരുന്നു കമ്പനിക്കാരുടെ താല്പര്യം. അതിനെയാധാരമാക്കി ഒരു പ്രസരണിയും പരിപാടി കേൾക്കാൻ ഗ്രാമീണരുടെയിടയിൽ സ്ഥാപിക്കാൻ കുറെ സെറ്റുകളും വടക്കു പടിഞ്ഞാറൻ അതിർത്തി സർക്കാരിന് ഒരു വ്യവസ്ഥയ്ക്കു വിധേയമായി അവർ കൊടുത്തു. പദ്ധതി വിജയിച്ചതായി കണ്ടാൽ അവയെല്ലാം സർക്കാർ വാങ്ങിക്കൊള്ളണമെന്നായിരുന്നു ഏർപ്പാട്!

റേഡിയോയിലൂടെയുള്ള വിദ്യാഭ്യാസപരിപാടിയുടെ പ്രാരംഭം ബോംബെ, കൽക്കട്ട എന്നിവിടങ്ങളിൽ യഥാക്രമം 1929 ജനുവരിയിലും 1932 നവംബറിലും ഉണ്ടായി.

അരങ്ങിൽ വിജയിച്ച നാടകങ്ങളെയാണ് ആദ്യം റേഡിയോ നാടകങ്ങളായി പ്രക്ഷേപണം ചെയ്തു തുടങ്ങിയത്. 1928 ജനുവരി 10 മുതൽ ഇത് കൽക്കട്ട നിലയത്തിൽ ആരംഭിക്കുകയുണ്ടായി. പത്തു കൊല്ല മെത്തിയപ്പോൾ 1938-ൽ ഡൽഹി, ബോംബെ, കൽക്കട്ട, മദ്രാസ്, പെഷ്വാർ, ലാഹോർ, ലക്നൗ എന്നീ കേന്ദ്രങ്ങളിൽ നിന്ന് നാടകങ്ങൾ ഗണ്യമായ തോതിൽ പ്രക്ഷേപണം ചെയ്തിട്ടുണ്ട്. അതാണ് അന്നത്തെ കണക്കുകൾ കാണിക്കുന്നത്.

ഇത്തരം ചരിത്രവിഷയങ്ങളെക്കുറിച്ച് കൂടുതൽ പറയാൻ ഇവിടെ സമയമില്ല. എങ്കിലും ഒന്നു രണ്ടു കാര്യങ്ങൾ കൂടി സൂചിപ്പിക്കാതെ വയ്യാ.

മദ്രാസ് കേന്ദ്രത്തിൽ നിന്ന് അത്യന്തം വിജയിച്ച ആദ്യകാല റേഡിയോ നാടകങ്ങളിൽ ചിലത് "നന്തനാർ" (തമിഴ്) "കചദേവയാനി" (തെലുങ്ക്) "മണ്ഡോദരി" (കന്നട) - എന്നിവയാണ്. ഈ ഭാഷകളിൽ മാത്രമല്ല, മലയാളത്തിലേയും പ്രക്ഷേപണചരിത്രമാരംഭിക്കുന്നത് മദ്രാസിൽ തന്നെയാണെന്നുള്ളതാണു സത്യം. സുസംഘടിതമായ മലയാളപ്രക്ഷേപണമാരംഭിച്ചത് മദ്രാസിൽ 1939-സെപ്റ്റംബറിലായിരുന്നു! ഈ കാര്യം അറിവില്ലാത്ത ചില വിദ്വാന്മാർ (!) മലയാളപ്രക്ഷേപണം തുടങ്ങിയത് 1943-ൽ തിരുവനന്തപുരത്തായിരുന്നെന്നു വരുത്താൻ ചില ആഘോഷങ്ങൾ അരങ്ങേറുകയും പ്രക്ഷേപണം ചെയ്യുകയുമുണ്ടായി. അത് അവരുടെ അജ്ഞതയുടെ അരങ്ങേറ്റമായും പ്രക്ഷേപണമായും കരുതിയാൽ മതി!

ഇൻഡ്യയിൽ ആദ്യത്തെ ടെലിവിഷൻ കേന്ദ്രം, പരീക്ഷണമെന്ന നിലയിലാണാരംഭിച്ചത്- 1959 സെപ്റ്റംബറിൽ. ഡൽഹിയിലെ ആ നിലയത്തിൽ നിന്ന് പരിപാടി സ്ഥിരമായി പ്രസരിപ്പിക്കാൻ തുടങ്ങിയത് 1965 ആഗസ്റ്റിലും. തിരുവനന്തപുരം ടെലിവിഷൻ നിലയത്തിലൂടെ പരിപാടി അഞ്ചൽ (റിലെ) ചെയ്യാനാരംഭിച്ചത് 1982 നവംബറിലായിരുന്നു. അത് സ്ഥിരമായ വ്യവസ്ഥയായത് 1987 മാർച്ച് 18-ാം തീയതിയാണ്. അന്നുമുതലാണ് സ്റ്റുഡിയോ സൗകര്യങ്ങളും സജ്ജീകരണങ്ങളും പൂർത്തിയായത്- അതായത് ഡൽഹിയിൽ ടെലിവിഷൻ എത്തിയശേഷം കാൽനൂറ്റാണ്ടിലധികം കഴിഞ്ഞാണ്, അത് കേരളത്തിൽ വന്നെത്തിയത്.

ഇന്ന് വളരെ പ്രചാരം നേടിയ രണ്ടു മാദ്ധ്യമങ്ങളാണ് റേഡിയോയും ടെലിവിഷനും- ഇവിടെ മാത്രമല്ല ലോകത്തെവിടെയും. മറ്റു പല മാദ്ധ്യമങ്ങൾക്കും ഭീഷണിയുയർത്തിക്കൊണ്ടാണവയുടെപുരോഗതി. ഈ കാലഘട്ടത്തിലെ മനുഷ്യൻെറ സങ്കല്പങ്ങളിലും സ്വപ്നങ്ങളിലും ആദർശങ്ങളിലും ലക്ഷ്യങ്ങളിലുമെല്ലാം അത് ക്രമാതീതമായി സ്വാധീനം ചെലുത്തുന്നു. കഴിഞ്ഞകാലങ്ങളിൽ അവ സ്വാധീനിച്ചതിൻെറ പ്രത്യക്ഷമായ ഫലങ്ങൾ ഇന്നു പല രംഗങ്ങളിലും കാണാം: അടുക്കളയിൽ, കുടുംബാന്തരീക്ഷത്തിൽ, വ്യവസായശാലകളിൽ, കൃഷിഭൂമികളിൽ- എന്തിന് എല്ലായിടത്തും തന്നെ.

റേഡിയോ പരിപാടികളിൽ ഏറ്റവും കൂടുതൽ കേൾക്കുന്നതും ടി.വി ഇനങ്ങളിൽ അങ്ങേയറ്റം കാണുന്നതും സിനിമാപ്പാട്ടുകളും സിനിമാരംഗങ്ങളുമാണെങ്കിലും അവയേക്കാൾ ഗൗരവത്തോടെ കേൾക്കുകയും കാണുകയും ചെയ്യുന്നത് മറ്റു പലതുമാണ്. അത്തരമിനങ്ങളിലൂടെ മനസ്സിലും ബുദ്ധിയിലും എത്തുന്ന ആശയങ്ങളും വിവരങ്ങളുമാണ് സാമാന്യജനങ്ങളുടെ ജീവിതത്തെയും വീക്ഷണങ്ങളെയും സ്വാധീനിക്കുന്നതും ഏറെക്കുറെമാറ്റുന്നതും. റേഡിയോയിലൂടെ പ്രസരിക്കാറുള്ള കൃഷിസംബന്ധമായ സംഗതികൾ സ്വീകരിക്കുന്നതിന് കർഷകരിൽ പ്രതിരോധം നന്നേ കുറവാണ്. അക്ഷരജ്ഞാനമില്ലാത്തവർപോലും ആധുനികകൃഷിരീതികൾ സ്വാംശീകരിച്ച് വിളഭൂമികളിൽ നവീനപരിപാടികൾ നടപ്പാ

പഠിക്കുന്നില്ല

"ലോകം തെറ്റുചെയ്യുന്നു. തെറ്റുകളെപ്പറ്റി കേൾക്കുന്നു. എങ്കിലും ഒരിക്കലും അതിൽ നിന്നും പാഠം പഠിക്കുന്നില്ല".

വി. എസ്. ഖണ്ഡേക്കർ

ക്കുന്നത് ഇതുകൊണ്ടുതന്നെയാണ്.

തമിഴ് നാട്ടിലെ ഉൾനാടൻ ഗ്രാമങ്ങൾക്കു ചുറ്റുമുള്ള കൃഷിഭൂമികളിൽ വളർന്നു വിളയുന്നത് അത്യാധുനിക വിത്തുകൾ ഉപയോഗിച്ചുള്ള വിളകളാണ്. അവിടത്തെ കൃഷീവലന്മാർ ഈ ജനുസ്സുകളുടെ സവിശേഷതകൾ വാചാലതയോടെ വിവരിക്കുമ്പോൾ അവയെ നാമകരണം ചെയ്തു സൂചിപ്പിക്കുന്നത് “റേഡിയോ ജാതി” കളെന്നത്രേ! ഇത് എനിക്ക് എത്രയോ തവണ നേരിട്ടനുഭവപ്പെട്ടിട്ടുണ്ട്. ഇതുപോലെയാണ് കേരളത്തിലേയും സ്ഥിതി. പക്ഷേ ഒരു വ്യത്യാസം പറയണം. ഇവിടത്തെ കർഷകർപുതിയ അത്യുൽപാദനശേഷിയുള്ളയിനങ്ങളുടെ പേരും പറയും. എവിടെ നിന്നിത് ആദ്യം അറിഞ്ഞെന്ന് ചോദിച്ചാൽ, ഒട്ടും പ്രയാസമില്ലാതെ “റേഡിയോയിൽ” നിന്നെന്ന് സ്പഷ്ടമാക്കും.

ഇത്തരം പ്രചരണപരിപാടിയുമായി വളരെക്കാലം ആത്മബന്ധം പുലർത്തിയിട്ടുള്ള ആളെന്ന നിലയിൽ, എൻെറ ഈ അനുഭവങ്ങൾ ആദ്യകാലങ്ങളിലെ അവസ്ഥയാണ്- എന്ന് എടുത്തു പറയട്ടെ. ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ച് ഒരു വിധി, അനുഭവത്തെ അടിസ്ഥാനപ്പെടുത്തി എനിക്കു പറയാൻ വയ്യ.

ആരോഗ്യത്തെ സംബന്ധിച്ചുള്ള അടിസ്ഥാനാശയങ്ങളും ജനതാമദ്ധ്യത്തിൽ ഏറ്റവും വ്യാപകമായി എത്തിക്കുന്നതും റേഡിയോ തന്നെ. രോഗ പ്രതിരോധ കുത്തിവയ്പുകൾ , ജനനനിയന്ത്രണവിധങ്ങളുടെ അറിവ്, പോഷകാഹാരത്തിൻെറ പ്രാധാന്യം തുടങ്ങിയ കാര്യങ്ങളിൽ ഇത് പ്രത്യേകിച്ചു പറയാവുന്നതാണ്. ഞാൻ റേഡിയോയിൽ ചുമതലപ്പെട്ട സ്ഥാനങ്ങളിൽ സേവനം നടത്തിയിരുന്നപ്പോൾ, വസ്തുനിഷ്ഠങ്ങളായി വിവരങ്ങൾ ശേഖരിക്കാൻ പല നടപടികളുമെടുത്തിട്ടുണ്ട്. “ആഡിയൻസ് റിസേർച്ച്” എന്ന പേരിൽ അറിയപ്പെടുന്ന അന്വേഷണങ്ങൾ, ശ്രോതാക്കളുടെ ആശയാഭിപ്രായങ്ങളറിയാൻ വളരെ ഉതകുകയും ചെയ്തിരുന്നു. ആധുനികങ്ങളായ ചികിത്സാരീതികൾ, വൈദ്യസഹായപദ്ധതികൾ എവിടെ ഏതു തരത്തിലുള്ള സൗകര്യങ്ങൾ ലഭ്യമാണെന്ന കാര്യങ്ങൾ തുടങ്ങി പലതും ആദ്യം റേഡിയോയിലൂടെയാണ് ഏറെപ്പേരും അറിയാനിട വന്നിട്ടുള്ളതെന്ന യാഥാർത്ഥ്യം അന്ന് റേഡിയോയിൽ പ്രവർത്തിച്ചിരുന്ന എന്നെപ്പോലുള്ളവർക്ക് വളരെ സന്തോഷം നല്കിയിട്ടുമുണ്ട്. ഞങ്ങൾ തുടങ്ങിയ കാലത്ത് അതിഗൂഢമായി അടക്കിയൊതുക്കി പറയുന്ന ഒരുസംഗതിയായിരുന്നു ജനനനിയന്ത്രണം. ഇന്ന് ഏതൊരുശാസ്ത്രീയ കാര്യത്തേയും പോലെ തുറന്ന മനസ്സോടെ, വസ്തുനിഷ്ഠമായി അത്തരംവിഷയങ്ങൾ വിദ്യാർത്ഥികൾ പോലും ചർച്ചചെയ്യാറുണ്ട്, ചെയ്യുന്നുണ്ട്. ഇത്തരം പരിസ്ഥിതി വരുത്തിയതും വളർത്തിയതും വളരെയേറെ റേഡിയോതന്നെ.

ഇനി സംഗീതത്തിൻെറ കാര്യമെടുക്കുക. ഒരമ്പതുവർഷം മുമ്പ് ഹിന്ദുസ്ഥാനി സംഗീതം തെക്കെയിന്ത്യയിലും കർണ്ണാടകസംഗീതം വടക്കേയിന്ത്യയിലും തികച്ചും അപരിചിതമായിരുന്നു. ഇന്ന് രണ്ടും ഭാരതീയ സംഗീതത്തിൻെറ രണ്ടു ശൈലികൾ എന്ന രൂപത്തിൽ എവിടെയും ഏറെക്കുറെ സ്വീകാര്യമായിത്തീർന്നിട്ടുണ്ട്. സ്വീകരിക്കാത്തവർപോലും വെറുപ്പ് പ്രകടിപ്പിക്കുകയില്ല. ജനങ്ങളിൽ ലളിതകലകളോടുള്ള ആഭിമുഖ്യം വളർത്താൻ റേഡിയോയും ടെലിവിഷനും കുറച്ചൊന്നുമല്ല സേവനമനുഷ്ഠിച്ചിട്ടുള്ളത്. റേഡിയോയുടെ പരിപൂർത്തിയെന്ന രൂപത്തിൽ ദൃശ്യകലകൾ ലഭ്യമാക്കിത്തീർത്തിട്ടുള്ള ടെലിവിഷൻെറ വ്യാപകമായ സേവനം കുറെക്കാലം മുമ്പുവരെ സിനിമയിലും കൊട്ടകയിലും ഒതുങ്ങിക്കിടക്കുകയായിരുന്നു. ടെലിവിഷനിലൂടെ ഓരോ ഗൃഹത്തിലും അരങ്ങു തെളിയാൻ ഇടയായി.

ഇവിടെ ഒരു പ്രധാനപ്പെട്ട വസ്തു .ാ വിസ്മരിച്ചുകൂടാ. സിനിമയും മറ്റും മുൻപുനിർമ്മിക്കപ്പെട്ടിട്ടുള്ളതും ഇന്നും നിർമ്മിച്ചുവരുന്നതും കൊട്ടകയിലെ ആദർശ- സ്വഭാവ-സംസ്ക്കാര ദാർഢ്യമില്ലാത്ത കൂട്ടത്തിനുവേണ്ടിയാണ്. അത്തരം സദസ്സിനുവേണ്ടിയുള്ളത്, അതേ രൂപത്തിൽ കുടുംബസദസ്സിലും കൊടുക്കുന്നത് അപകടസാദ്ധ്യതകൾ ഏറെ വരുത്തിയേക്കാം, വരുത്താം. ഇന്ന് ടെലിവിഷൻ ദിവസംതോറുമെന്ന കണക്കിന് സിനിമ സംപ്രേക്ഷണം ചെയ്തുവരുന്നു. ഇവയെല്ലാം കൊട്ടകയിലെ ആൾക്കാർക്കു വേണ്ടിയുണ്ടാക്കിയവയാണ്. യാതൊരു വ്യത്യാസവും വരുത്താതെ അവ ഗൃഹസദസ്സിലും ടെലിവിഷൻഎത്തിക്കുന്നു. വീട്ടിൽ അവ കാണാനിരിക്കുന്നത് ഒരുകുടുംബമാണ്, ആൾക്കൂട്ടമല്ല. കൊട്ടകസംസ്ക്കാരം, കുടുംബത്തിൽ കലർത്തുന്നത് ആപല്ക്കരമാണെന്ന സത്യം, ടെലിവിഷൻ വ്യാപിപ്പിച്ചിട്ടുള്ള വെള്ളക്കാരുടെ നാടുകളിൽ അനുഭവങ്ങളിലൂടെ അറിഞ്ഞു കഴിഞ്ഞു. ഈ ആപത്ത് നമ്മുടെ നാട്ടിലും ആവർത്തിക്കുമെന്ന് തീർച്ച!

കൊട്ടകയിലെ സദസ്സും കുടുംബസദസ്സും രണ്ടും രണ്ടാണെന്നും രണ്ടിൻേറയും ആവശ്യങ്ങൾ ഒന്നുപോലെയുള്ളവയല്ലെന്നും അറിഞ്ഞ് നാം ടെലിവിഷൻ പരിപാടികൾ സജ്ജീകരിക്കേണ്ടതാവശ്യമാണ്. ടെലിവിഷൻ പരിപാടികളെക്കുറിച്ച് അഭിപ്രായമെഴുതുന്നവരിൽ പലരും അല്പജ്ഞരും അപക്വമതികളുമാകയാൽ ഇത്തരംസംഗതികളെക്കുറിച്ച് എഴുതാറില്ല. പറയുന്നവരെ കൂവിയിരുത്താനാണ് ശ്രമവും.

കയ്യടി വാങ്ങാനുള്ള വ്യഗ്രതയിൽ എന്തു ചവറും പ്രക്ഷേപണം ചെയ്യുന്നതും പ്രദർശിപ്പിക്കുന്നതും നിരുത്സാഹപ്പെടുത്തേണ്ടതാവശ്യമാണ്. പരിപാടിയുടെ ലഭ്യതയിലുള്ള സാദ്ധ്യതകൾ അനന്തമാണ്. ആ നിലയ്ക്ക് അവയിലൂടെ വന്നേക്കാവുന്ന ആപത്തും അതുപോലെ തന്നെ വ്യാപകമാണ്. ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ മനുഷ്യന് ഭസ്മാസുരനു കിട്ടിയ വരം പോലെയാകാതിരിക്കാൻ യുക്തിയും വിവേകവും വിടാതെ അവ പ്രയോജനപ്പെടുത്താൻ തയ്യാറാകേണ്ടതുണ്ട്. ഭാഷാശുദ്ധി, ഉച്ചാരണശുദ്ധി, പരിപാടിയുടെ ഉന്നതനിലവാരപരിപാലനനിഷ്ഠ, മാനവമൂല്യങ്ങളിലുള്ള നിരങ്കുശമായ പ്രതിബദ്ധത തുടങ്ങിയവയിൽ വിട്ടുവീഴ്ചയില്ലാതെ വേണം റേഡിയോ ടി.വി. പരിപാടികൾ ഒരുക്കുന്നത്. ജനങ്ങളുടെ മതിപ്പുനേടാനും അവരുടെ വഴികാട്ടികളായി വർത്തിക്കാനുമുള്ള സിദ്ധികൾ അവയ്ക്കു രണ്ടിനും വേണ്ടുവോളമുണ്ട്.

സഹിക്കാനും പൊറുക്കാനുമാവാത്തതെന്നു ബോദ്ധ്യമായി, പാശ്ചാത്യനാടുകളിൽ നിന്ന് അടിച്ചു പുറത്താക്കിക്കൊണ്ടിരിക്കുന്ന പല ഏർപ്പാടുകളും പുറം വാതിലുകളിലൂടെ ഇവിടത്തെ റേഡിയോ നിലയങ്ങളിലും, ടെലിവിഷൻ കേന്ദ്രങ്ങളിലും കടന്നുകയറുന്നു. പാരമ്പര്യങ്ങളോടും, സഹസ്രാബ്ദങ്ങളിലൂടെ ശക്തിയും ചൈതന്യവും കൈവരിച്ച ഇവിടത്തെ സംസ്ക്കാരത്തോടും സദാചാരബോധത്തോടും പ്രതിബദ്ധതയില്ലാത്ത തലമുറകളെ സൃഷ്ടിക്കാനേ ക്ഷണിക്കാതെ തള്ളിക്കയറുന്ന വരത്തർ വഴി തെളിക്കൂ. അവർക്കെതിരായി ജനങ്ങൾ ശക്തിയായി പ്രതികരിച്ചില്ലെങ്കിൽ ഇവിടുത്തെ ജീവിതവും വെള്ളക്കാരുടെ നങ്കൂരം പൊട്ടിയ ജീവിതം മാതിരിയായിത്തീരും. നമുക്കു നഷ്ടപ്പെടാൻ ചങ്ങലകൾ മാത്രമല്ല മറ്റു വിലപ്പെട്ട സമ്പത്തുകൾ പലതുമുണ്ട്. ഈ പരമാർത്ഥം മനഃപൂർവ്വം മറയ്ക്കാനും മറക്കാൻ പ്രേരിപ്പിക്കാനുംഇവിടെ ഗൂഢശക്തികൾ പലതും പാടുപെട്ടു പ്രവർത്തിക്കുന്നുണ്ട്. ജാഗ്രത പാലിക്കാൻ ഈ പരിസ്ഥിതി പ്രേരിപ്പിച്ചില്ലെങ്കിൽ....നമ്മുടെ സമൂഹത്തിൻെറ, രാജ്യത്തിൻെറ ഭാവി... അതു പ്രവചിക്കാൻപോലും ഭയം തോന്നുന്നു.

●

ദൃശ്യശ്രവ്യ സമ്മേളനത്തിൽ ചെയ്ത പ്രസംഗം